സംഘത്തിന്റെ സഹായം കൂടുതൽ ആവശ്യമില്ലെന്നും ദുരിതബാധിതർക്ക് താൽക്കാലിക താമസത്തിനായി ടെന്റുകളും കമ്പിളി വസ്ത്രങ്ങളും ആവശ്യമുണ്ടെന്നും തകർന്നുപോയ വീടുകളും റോഡുകളും പുനരുദ്ധരിക്കുന്നതിന് സംസ്ഥാന സർക്കാരിന് പങ്ക് വഹിക്കാവുന്നതാണെന്നും ഇതിനായി ഒരു ഗ്രാമം ദത്തെടുക്കുന്നതിന് ഉദ്ദേശം 5 കോടി രൂപ ചെലവു വരുമെന്നും അനാഥരായ കുട്ടികളുടെ പുനരധിവാസത്തിന് സംസ്ഥാന ശിശുക്ഷേമ സമിതിയുടെ സഹായം ഗുജറാത്ത് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു ണ്ടെന്നും ആരോഗ്യവകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(സി) ഗുജറാത്തിലെ ഭൂകമ്പബാധിതരായ മലയാളികളെ മാത്രം സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഗുജറാത്ത് സന്ദർശിച്ച ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ഗുജറാത്തിലെ ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപയും ദുരിതബാധിതർക്ക് ടെന്റ്, കമ്പിളി വസ്ത്രങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ&എഫ്) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(ജി) ഗുജറാത്ത് ഗവൺമെന്റ് സഹായമൊന്നും തേടിയിട്ടില്ല.

(എച്ച്) പരിക്കേറ്റവരുടെ കണക്ക് ലഭിച്ചിട്ടില്ല. 48 പേർ മരിച്ചതായി അനൗദ്യോഗിക കണക്കുകൾ ലഭിച്ചിട്ടുണ്ട്.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം

13 (*12) ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പി.എസ്.സി. അപേക്ഷ ക്ഷണിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം വേണ്ടിവരുന്നതായുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കുറവ് പരിഹരിക്കുന്നതിനും അപേക്ഷ ക്ഷണിച്ചതിനുശേഷം ഒരു വർഷത്തിനകം പരീക്ഷ നടത്തുന്നതിനും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഈ ലക്ഷ്യം കൈവരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ പി.എസ്.സി. ആഫീസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പു കൽപിക്കാൻ രൂപീകരിച്ച കുടിശ്ശിക സെല്ലുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കുടിശ്ശിക സെല്ലുകളുടെ പ്രവർത്തനം എത്രമാത്രം പ്രയോജനകരമായി എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പി.എസ്.സി.യുടെ അപേക്ഷാ ഫാറത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ മാറ്റങ്ങൾ എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. സാധ്യമായ എല്ലാ ജോലികളും കമ്പ്യൂട്ടർ വൽക്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഈ സെല്ലുകൾ രൂപീകരിച്ചശേഷമുള്ള പത്തു മാസക്കാലയളവിൽ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്ന കാര്യത്തിലും പരീക്ഷകളുടെ നടത്തിപ്പിലും അപേക്ഷകളിൻമേൽ തീർപ്പു കല്പിക്കുന്ന കാര്യത്തിലും കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) ഉണ്ട്. കമ്പ്യൂട്ടർ സംവിധാനത്തിന് അനുയോജ്യമായ രീതിയിൽ പരിഷ്ക്കരിച്ച സ്റ്റാൻഡേർഡൈസ്ഡ് അപേക്ഷാഫാറം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുത്താൻ പി.എസ്.സി. നടപടി സ്വീകരിച്ചു വരുന്നു.

ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് സംബന്ധിച്ച നിർദ്ദേശങ്ങൾ

14 (*14) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് ആരോഗ്യമന്ത്രി പ്രഖ്യാപിച്ചത് ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഈ നിർദ്ദേശങ്ങൾ രോഗികളുടെ താൽപര്യത്തെ ഹനിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly